# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *101 — 08.02.2013-ൽ മറുപടിയ്ക്ക്

## കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി. തിലോത്തമൻ**<br>**,, സി.ദിവാകരൻ**<br>**,, കെ.രാജു**<br>**ശ്രീമതി ഇ.എസ്.ബിജിമോൾ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിദേശ കമ്പനിക്ക് കൈമാറുന്നതിന് ധാരണാപത്രം ഒപ്പുവെച്ചിട്ടുണ്ടോ ;<br>(ബി) എങ്കിൽ ഏത് വിദേശ കമ്പനിക്കാണ് കൈമാറുന്നത് ;<br>(സി) ഇപ്പോൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൈവശമുള്ള ഭൂമി ഉൾപ്പെടെ എന്തെല്ലാം സൗകര്യങ്ങളാണ് കൈമാറുന്നതെന്ന് വ്യക്തമാക്കുമോ ;<br>(ഡി) ഇവയുടെ ആകെ മതിപ്പുവില എത്രയാണ് ; | (എ),(ബി), (സി) & (ഡി):<br>കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ (കെ.എച്ച്.ആർ.ഐ) ഒരു സെന്റർ ഓഫ് എക്സലൻസ് ആക്കണമെന്ന ആവശ്യം വളരെ മുമ്പുതന്നെയുണ്ട്. ബഹു.ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിലും അതിന്റെ പരാമർശമുണ്ട്. കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വിദേശ കമ്പനിക്ക് കൈമാറുന്നതിന് ധാരണാപത്രം ഒപ്പുവെച്ചിട്ടില്ല. എന്നാൽ ഗവേഷണപ്രവർത്തനങ്ങളും പരിശോധനാ പ്രവർത്തനങ്ങളും നടത്തുന്നതിന് പ്രവർത്തന പരിചയവും പ്രാഗത്ഭ്യവും ലഭ്യമാക്കി ഇൻസ്റ്റിററ്യൂട്ടിനെ ഒരു സെന്റർ ഓഫ് എക്സലൻസ് ആയി ഉയർത്തുന്നതിന് ELSAMEX S.A. Madrid, Spain എന്ന കമ്പനിയുമായി ചേർന്ന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ച് പ്രവർത്തിക്കാനാണ് ധാരണാപത്രം ഒപ്പുവെച്ചിട്ടുള്ളത്. ഭൂമിയോ കെട്ടിടമോ ഒന്നും തന്നെ ആർക്കും കൈമാറുന്നില്ല.<br>ഇപ്പോൾ KHRI പ്രവർത്തിക്കുന്ന സ്ഥലം കേരളാ യൂണിവേഴ്സിറ്റിയിൽ നിന്നും ലീസിന് എടുത്തിട്ടുള്ളതാകയാൽ ഇതിന്റെ മതിപ്പുവില കണക്കാക്കുക അപ്രായോഗികമാണ്. |
| (ഇ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ എത്ര ശതമാനം ഓഹരിയാണ് വിദേശ കമ്പനിക്ക് നൽകുന്നത് ; ഇതിൽ സർക്കാരിന്റ ഓഹരിവിഹിതം എത്ര ? | (ഇ) വിശദമായ ചർച്ചകൾക്ക് ശേഷമേ തീരുമാനിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ